(സി) വിടുതൽ ചെയ്യുന്ന കുട്ടികൾക്കുവേണ്ടി സ്കോളർഷിപ്പ് പദ്ധതി, സ്വയംതൊഴിൽ പദ്ധതി എന്നിവകൾക്ക് സാമ്പത്തികസഹായം നൽകുന്നതിനുവേണ്ടി ജെ.ജെ. ഫണ്ട് വിനിയോഗിക്കുന്നതിനുവേണ്ടിയുള്ള ബോർഡ് ഓഫ് മാനേജ്മെന്റ് രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. ജുവനൈൽ ജസ്റ്റീസ് ഫണ്ടിന്റെ കരട് പദ്ധതി സർക്കാർ പരിശോധിച്ചുവരികയാണ്. പ്രസ്തുത ചട്ടങ്ങൾ അംഗീകരിച്ച് ഉത്തരവാകുന്ന മുറയ്ക്ക് പുനരധിവാസത്തിനുവേണ്ടിയുള്ള സാമ്പത്തികസഹായം ജുവനൈൽ ജസ്റ്റീസ് ഫണ്ടിൽനിന്ന് ചെലവഴിക്കാൻ സാധിക്കുന്നതാണ്.

302 (1482) ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ തസ്തികയിലേക്കുള്ള നിയമനം

ശ്രീ. ആര്യാടൻ മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പിന്റെ ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ തസ്തികയിലേയ്ക്ക് നേരിട്ടുള്ള നിയമനവും പ്രമോഷൻ മുഖേനയുള്ള നിയമനങ്ങളും നടത്തുന്നുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നിയമനത്തിന് നിലവിലുള്ള റേഷ്യോ എന്താണെന്ന് വ്യക്തമാക്കുമോ;

(സി) ഓരോ വിഭാഗത്തിലേക്കും അവസാനമായി നിയമനം നടത്തിയത് എന്നാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 5.8.92-ലെ ജി.ഒ.(പി) 28/92/എസ്.ഡബ്ല്യു.ഡി. നമ്പർസ്പെഷ്യൽ ചട്ടപ്രകാരം നേരിട്ടുള്ള നിയമനം വഴിയും പ്രമോഷൻ വഴിയും ശിശുവികസന പദ്ധതി ഓഫീസർ തസ്തികയിലേക്ക് 1 : 4 എന്ന റേഷ്യോയിൽ നിയമനം നടത്തുന്നു. ആദ്യത്തെ വേക്കൻസി നേരിട്ടുള്ള നിയമനവും തുടർന്ന് വരുന്ന നാല് വേക്കൻസികൾ പ്രമോഷൻ മുഖേനയുമാണ് നികത്തുന്നത്.

(സി) പ്രമോഷൻ വഴി ശിശുവികസന പദ്ധതി ഓഫീസർ തസ്തികയിലേക്ക് 16.8.99-ലും നേരിട്ടുള്ള നിയമനം വഴി 18.1.96-ലും ആണ് അവസാനമായി നിയമനം നടത്തിയിട്ടുള്ളത്.

303 (1483) സംയോജിത ശിശുവികസന സൂപ്പർവൈസർമാരുടെ നിയമനം

ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പിൽ സംയോജിത ശിശുവികസന സൂപ്പർവൈസർമാർക്ക് സ്പെഷ്യൽ റൂൾസ് എന്നാണ് നിലവിൽ വന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റൂൾസ് പ്രകാരം ഇവർക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യതയും നിയമനരീതിയും എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) മേൽപ്പറഞ്ഞ തസ്തികയിലേക്ക് ഏതെല്ലാം വിഭാഗത്തിലുള്ള ജീവനക്കാർക്കാണ് തസ്തികമാറ്റം വഴി നിയമനം നൽകുന്നതിന് വ്യവസ്ഥയുള്ളത്;

(ഡി) സമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ സെക്രട്ടേറിയറ്റിൽ പ്രവർത്തിക്കുന്ന ശിശുവിഹാറിലെ ജീവനക്കാർക്ക് സംയോജിത ശിശുവികസന സൂപ്പർവൈസർ തസ്തികയിലേക്ക് തസ്തികമാറ്റംവഴി നിയമനം ലഭിക്കുന്നതിനുള്ള ആനുകൂല്യം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 8.8.92-ലെ ജി.ഒ. (പി) 29/92/സാ.ക്ഷേ.വ. നമ്പർ ഉത്തരവ് പ്രകാരം സാമൂഹ്യക്ഷേമ വകുപ്പിൽ സ്പെഷ്യൽ റൂൾസ് നിലവിൽവന്നു.

(ബി) പ്രസ്തുത റൂൾ പ്രകാരം ഇവരെ പി.എസ്.സി. വഴി നേരിട്ട് നിയമനം നടത്തുന്നതിനുവേണ്ടുന്ന യോഗ്യത താഴെ പറയുന്നു.

1. ഒരു അംഗീകൃത സർവ്വകലാശാലയിൽനിന്ന് സോഷ്യോളജി/ സോഷ്യൽ വർക്ക്/ഹോം സയൻസ്/ സൈക്കോളജി എന്നീ വിഷയങ്ങളിലേതെങ്കിലും ഐച്ഛികമായി എടുത്തിട്ടുള്ള ബിരുദം.

അല്ലെങ്കിൽ

2. ഒരു അംഗീകൃത സർവ്വകലാശാലയിൽനിന്നും ഏതെങ്കിലും വിഷയത്തിൽ നേടിയിട്ടുള്ള ബിരുദവും കേന്ദ്ര/സംസ്ഥാന ചൈൽഡ് വെൽഫെയർ കൗൺസിലോ മറ്റ് അംഗീകൃത സംഘടനയോ നൽകുന്ന ഒരു വർഷത്തെ ബാലസേവിക ട്രെയിനിംഗ് സർട്ടിഫിക്കറ്റ്

അല്ലെങ്കിൽ

അങ്കണവാടി സൂപ്പർവൈസർ/അങ്കണവാടി വർക്കർ/ബാലസേവിക കെയർ മദർ/ നഴ്സറി ടീച്ചർ/ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ എന്നിവയിലേതിലെങ്കിലും ഒരു വർഷത്തിൽ കുറയാത്ത പരിചയം.

അല്ലെങ്കിൽ

3. എസ്.എസ്.എൽ.സി.യും അഞ്ച് വർഷത്തെ അങ്കണവാടി വർക്കർ തസ്തികയിലുള്ള സേവനപരിചയവും.

പ്രസ്തുത റൂൾ പ്രകാരം വർക്കിംഗ് വിമൻസ് ഹോസ്റ്റൽ വാർഡൻ കെയർ മദർ (ഡേ കെയർ സെന്റർ) ലിറ്ററസി ടീച്ചർ, നഴ്സറി ടീച്ചർ, മേട്രൻ/മേട്രൻ കം ഇൻസ്ട്രക്ടർ, മേട്രൻ ഗ്രേഡ് 1 എന്നിവരിൽനിന്നും തയ്യാറാക്കിയ കോമൺ ലിസ്റ്റിൽനിന്നും പ്രമോഷൻ വഴി ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരായി നിയമനം നടത്തുന്നു.

(സി) 3.7.99-ലെ ജി.ഒ.(പി) 28/99 അനുസരിച്ച് എസ്.എസ്.എൽ.സി.യും പത്ത് വർഷത്തെ അംഗൻവാടി വർക്കർ തസ്തികയിലെ പരിചയവുമുള്ളവർക്ക് നേരിട്ട് നിയമനത്തിന് അപേക്ഷിക്കാവുന്നതാണ്.

(ഡി) സൂപ്പർവൈസർ തസ്തികയിലേയ്ക്ക് തസ്തികമാറ്റം വഴി നിയമനം അനുവദിക്കാൻ നിലവിൽ വ്യവസ്ഥയില്ല.

LIBRARY ARCHIVES Kerala Legislative Assembly